"കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി"

19 [*248] ശ്രീ. കോവൂർ കുഞ്ഞുമോൻ :

,, എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി നിയമം എന്നാണ് പ്രാബല്യത്തിൽ വന്നത് ;

(ബി) ജീവിച്ചിരിക്കുന്ന പ്രായാധിക്യമുള്ള എല്ലാ തൊഴിലാളികൾക്കും പെൻഷൻ എന്ന ഒരു പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ ;

(സി) 2004-ൽ ഒരു ദിവസം പോലും തുറന്ന് പ്രവർത്തിച്ചിട്ടില്ലാത്ത കശുവണ്ടി ഫാക്ടറിയിലെ തൊഴിലാളികൾക്ക് അടിയന്തിരമായി ആശ്വാസം നൽകാൻ നടപടി സ്വീകരിക്കുമോ ?

തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. ബാബു ദിവാകരൻ) :

(എ) 1979-ലെ കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി നിയമം 1988-ൽ പ്രാബല്യത്തിൽ വന്നു.

(ബി) കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡിൽ അംഗമായതിനുശേഷം പെൻഷൻപ്രായം പൂർത്തിയാക്കി വിരമിച്ച കശുവണ്ടി തൊഴിലാളികൾക്ക് 1989 മുതൽ ബോർഡിൽനിന്നും പെൻഷൻ നൽകിവരുന്നുണ്ട്. കൂടാതെ പ്രസ്തുത ബോർഡ് നിലവിൽ വരുന്നതിന് മുൻപ് വിരമിച്ച തൊഴിലാളികൾക്കും അസുഖം മൂലം പിരിഞ്ഞുപോയവർക്കും പൂർണ്ണമായും സർക്കാർ ധനസഹായത്തോടെ തൊഴിൽ വകുപ്പിൽ നിന്നും നേരിട്ട് പെൻഷൻ നൽകിവരുന്നുണ്ട്. 31-12-2000 വരെയുള്ള പെൻഷൻ അപേക്ഷകളാണ് ഇക്കാര്യത്തിൽ സ്വീകരിച്ചിട്ടുള്ളത്.

(സി) 2003-ലെ ഓണം മുതൽ 2004-ലെ ഓണക്കാലം വരെ ഒരു ദിവസം പോലും തുറന്ന് പ്രവർത്തിച്ചിട്ടില്ലാത്ത കശുവണ്ടി ഫാക്ടറികളിലെ തൊഴിലാളികൾക്ക് ആളൊന്നിന് 200 രൂപ വീതം കഴിഞ്ഞ ഓണത്തിന് സർക്കാർ സാമ്പത്തികസഹായം നൽകിയിരുന്നു. ഈ ധനസഹായം എല്ലാ ഓണക്കാലത്തും നൽകിവരുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly